12 INTERNATIONAL DOCUMENTARY & SHORT FILM FESTIVAL OF KERALA
IDSFFK
21 — 26 June 2019
THIRUVANANTHAPURAM

PRESS RELEASE | MEDIA CELL | പത്രക്കുറിപ്പ്

**25.06.2019**

# ഡോക്യുമെന്ററികൾക്ക് കാരണം ശക്തമായ ആഗ്രഹങ്ങളും അഭിനിവേശവും : മധുശ്രീ ദത്ത

ശക്തമായ ആഗ്രഹങ്ങളിൽ നിന്നും അഭിനിവേശങ്ങളിൽ നിന്നുമാണ് ഡോക്യുമെന്ററികൾ പിറവിയെടുക്കുന്നതെന്നും ഡോക്യുമെന്ററി ഉള്ളടക്കങ്ങളിൽ കാലാനുസൃതമായ മാറ്റങ്ങളുണ്ടെന്നും സംവിധായിക മധുശ്രീ ദത്ത. വ്യവസ്ഥാപിത സമ്പ്രദായങ്ങളെ പൊളിച്ചെഴുതാനാണ് താൻ ശ്രമിക്കുന്നതെന്നും പൊതുസംസ്ക്കാരത്തിനും പൊതുബോധത്തിനുമിടയിലാണ് മതങ്ങളുടെ സ്ഥാനമെന്നും അവർ കൂട്ടിച്ചേർത്തു. 12-ാമത് രാജ്യാന്തര ഡോക്യുമെന്ററി ഹ്രസ്വ ചലച്ചിത്രമേളയുടെ ഭാഗമായി നടന്ന ഇൻ കോൺവർസേഷൻ പരിപാടിയിൽ ചല ച്ചിത്ര അക്കാദമി വൈസ് ചെയർപേഴ്സൺ ബീനാ പോളുമായി സംസാരിക്കുകയായിരുന്നു അവർ.

'കാര്യങ്ങളെ എങ്ങനെ നോക്കിക്കാണുന്നു എന്നതാണ് ഡോക്യുമെന്ററികളുടെ പൊതു സ്വഭാവം. തെളിവുകളിലൂടെ മാത്രം ഡോക്യുമെന്ററികൾക്ക് സംവദിക്കാനാകില്ല. സിനിമകളിൽ മനുഷ്യരേയും യാഥാർത്ഥ്യങ്ങളേയും ആധാരങ്ങ ളേയും വലിയ തോതിൽ വാണിജ്യവത്കരിക്കുന്നു'. മധുശ്രീ ദത്ത കൂട്ടിച്ചേർത്തു. തന്റെ സ്വപ്ന സംരംഭമായ ബോംബെ സിനിമാ സിറ്റി പ്രോജക്ടിനെക്കുറിച്ചും പുതുത ലമുറ സംവിധായകരെക്കുറിച്ചും അവർ സംസാരിച്ചു. ഇന്ന് (26-06-2019) വൈകിട്ട് 6.30 ന് നടക്കുന്ന സമാപന ചടങ്ങിൽ 2 ലക്ഷം രൂപയും പ്രശസ്തി പത്രവും ഫലക വുമടങ്ങുന്ന മേളയുടെ ലൈഫ് ടൈം അച്ചീവ്മെന്റ് പുരസ്കാരം മധുശ്രീ ദത്ത ഏറ്റു വാങ്ങും.